17512
8/8/17



**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - പാലക്കാട് ചിൻമയ തപോവൻ ശ്രീ. ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആവശ്യത്തിന് 20കിലോ ഗ്രാം ക്ലാസ് VI ബഗ്രാദാദ് ചന്ദനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

G.O.(Rt)No. 295/2017/F&WLD തിരുവനന്തപുരം,തീയതി, 03/08/2017

---

പരാമർശം:- 1.13.06.2007-ലെ സ.ഉ(എം.എസ്) 39/2007/ വനം നമ്പർ സർക്കാർ ഉത്തരവ്

2.23.01.2016-ലെ സ.ഉ(സാധാ)നം.24/2016/ വനം നമ്പർ സർക്കാർ ഉത്തരവ്

3 . പാലക്കാട് ചിൻമയ തപോവനത്തിലെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ചീഫ് എക്സിക്യൂട്ടീവിന്റെ 01.04.2017-ലെ നിവേദനം.

4 . സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 23.05.2017 തീയതിയിലെ പ്രൊ(5)19273/17(2) നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ചിൻമയ മിഷൻ എഡ്യൂക്കേഷൻ ആന്റ് കൾച്ചറൽ ട്രസ്റ്റിന്റെ കീഴിലുള്ള ശ്രീ.ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ പൂജാദി കർമ്മങ്ങൾക്കായി 20 കിലോഗ്രാം ചന്ദനമുട്ടി പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത ചന്ദനത്തിന്റെ സ്റ്റോക്ക് കഴിയാറായതിനാൽ 20 കിലോഗ്രാം ചന്ദനം കൂടി അനുവദിച്ച് നൽകണമെന്ന് ചിൻമയ തപോവൻ അഡ്മിനിസ്ട്രേറ്റർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതായും നിലവിൽ മറയൂർ ചന്ദന ഡിപ്പോയിൽ 19784.120 കിലോ ഗ്രാം ക്ലാസ് VI ബഗ്രാദാദ് ,ചന്ദനം സ്റ്റോക്കുള്ളതായും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും 20 കിലോ ഗ്രാം ക്ലാസ് VI ബഗ്രാദാദ് ചന്ദനം അനുവദിക്കാവുന്നതാണെന്നും (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) വിഭാഗം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പരാമർശം (1)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി മറയൂർ ചന്ദനം ഡിപ്പോയിൽ നിന്നും 20 കിലോ ഗ്രാം ക്ലാസ് VI ബഗ്രാദാദ് ചന്ദനം, ഏറ്റവും ഒടുവിൽ നടന്ന ചന്ദന ലേലത്തിൽ ആ വിഭാഗത്തിന്റെ ശരാശരി വിലയുടെ 125% വിലയായും 21% സെന്റേജ് ചാർജ്, 5% വനവികസന നികുതി, വാറ്റ്, മറ്റു നിയമാനുസൃത നികുതികൾ എന്നിവ

ഈടാക്കിക്കൊണ്ടും 2012ലെ കേരള വന ഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ച് നിയമാനുസൃത ലൈസൻസ് കരസ്ഥമാക്കണമെന്ന നിർദ്ദേശത്തോടെയും പാലക്കാട് ചിൻമയ തപോവൻ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആവശ്യത്തിനായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GIRIJA KUMARI G

DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ്, ചിൻമയ തപോവൻ ശ്രീ. ഗുരുവായൂരപ്പൻ ക്ഷേത്രം, പ.ബി നമ്പർ - 5, പാലക്കാട്-678 001.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ